## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 98** **07-10-2024 - ൽ മറുപടിയ്ക്ക്**

## പോലീസിലെ ഡാൻസാഫ് വിഭാഗത്തിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ജില്ലാ പോലീസ് സൂപ്രണ്ടിന്റെ കീഴിൽ 'ഡാൻസാഫ് എന്ന പേരിൽ പ്രത്യേക പോലീസ് വിഭാഗം പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ മയക്കുമരുന്ന് വ്യാപനവും ദുരുപയോഗവും തടയുന്നതിന് 2004ൽ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾ ആൻറി നാർക്കോട്ടിക്ക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 27-07- 2007ലെ ജി.ഒ (ആർ.റ്റി) 180/2007 പ്രകാരമാണ് (Kerala Anti Narcotic Special Action Force) രൂപീകരിച്ചിട്ടുള്ളത്. നാർക്കോട്ടിക് ഡി.വൈ. എസ്.പിക്ക് കീഴിലാണ് എല്ലാ ജില്ലകളിലും ഈ വിഭാഗം പ്രവർത്തിച്ച് വരുന്നത്. വിവിധ ഏജൻസികളുമായുള്ള ഏകോപന ചുമതല ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പിയാണ് നിർവഹിക്കുന്നത്.<br><br>മികച്ച കേന്ദ്ര സംസ്ഥാന ഏകോപനത്തിനായി 2016 ൽ NARCO Coordination Committee (NCORD) സംവിധാനം കേന്ദ്ര അഭ്യന്തര മന്ത്രാലയം രൂപീകരിച്ചു. 27-12-2021ലെ NCORD യോഗ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ Kerala Anti Narcotic Special Action Force 01.12.2022 ലെ ജി.ഒ(ആർ.റ്റി) 340/2022 പ്രകാരം Anti Narcotic Task Force ആയി പ്രവർത്തിച്ചുവരികയാണ്. |
| (ബി) | പ്രസ്തുത വിഭാഗത്തെ നിയോഗിക്കുന്നതിന് സർക്കാർ ഉത്തരവ് ആവശ്യമാണോ; എങ്കിൽ ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ മയക്കുമരുന്ന് വ്യാപനവും ദുരുപയോഗവും തടയുന്നതിന് 2004ൽ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് രാജ്യത്തെ വിവിധ സംസ്ഥാനങ്ങൾ ആൻറി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 27-07- 2007ലെ ജി.ഒ (ആർ.റ്റി) 180/2007 പ്രകാരമാണ് (Kerala Anti Narcotic Special Action Force) |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുള്ളത്. നാർക്കോട്ടിക് ഡി.വൈ. എസ്.പിക്ക് കീഴിലാണ് എല്ലാ ജില്ലകളിലും ഈ വിഭാഗം പ്രവർത്തിച്ച് വരുന്നത്. വിവിധ ഏജൻസികളുമായുള്ള ഏകോപന ചുമതല ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പിയാണ് നിർവഹിക്കുന്നത്.<br><br>മികച്ച കേന്ദ്ര സംസ്ഥാന ഏകോപനത്തിനായി 2016 ൽ NARCO Coordination Committee (NCORD) സംവിധാനം കേന്ദ്ര അഭ്യന്തര മന്ത്രാലയം രൂപീകരിച്ചു. 27-12-2021ലെ NCORD യോഗ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ Kerala Anti Narcotic Special Action Force 01.12.2022 ലെ ജി.ഒ(ആർ.റ്റി) 340/2022 പ്രകാരം Anti Narcotic Task Force ആയി പ്രവർത്തിച്ചുവരികയാണ്. |
| (സി) | പ്രസ്തുത വിഭാഗത്തിന്റെ ജോലി എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | ജില്ലകളിൽ നടക്കുന്ന മയക്കുമരുന്ന് വിൽപ്പന, കടത്തൽ, ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട് പൊതുപ്രവർത്തകർ, പൊതുജനങ്ങൾ, മേലധികാരികൾ എന്നിവിടങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന രഹസ്യ വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തി കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് ലോക്കൽ പോലീസിനെ സഹായിക്കലും ജില്ലാതലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മയക്കുമരുന്നിന്റെ വിൽപ്പന, കടത്തൽ, ഉപയോഗം എന്നിവ തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് ഡാൻസാഫ് ടീമിന്റെ ചുമതല. ജില്ലകളിൽ DySP-മാരുടെ നേതൃത്വത്തിലാണ് ഡാൻസാഫ് ടിം പ്രവർത്തിച്ചുവരുന്നത്. |
| (ഡി) | ഡാൻസാഫിന്റെ പ്രവർത്തനത്തെപ്പറ്റി പ്രത്യേക പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉയർന്നുവന്ന പരാതികളിലും ആരോപണങ്ങളിലും ഉചിതമായി അന്വേഷണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ